പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 114

26.09.2016 -ൽ മറുപടിയ്ക്ക്

## ആദിവാസി കോളനിയിൽ യുവതികളെ പീഡിപ്പിച്ച കേസ്

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ

(എ) വയനാട്ടിൽ വെള്ളമുണ്ടയിലെ ആദിവാസി കോളനിയിൽ ഭർത്താക്കന്മാരെ കത്തിമുനയിൽ നിർത്തി യുവതികളെ പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; സംഭവത്തിലെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പു പ്രകാരമാണ് കേസെടുത്തിട്ടുള്ളത് ;

**മറുപടി**

ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

(എ) & (ബി) വയനാട്ടിൽ വെള്ളമുണ്ടയിലെ ആദിവാസി കോളനിയിൽ ഭർത്താക്കന്മാരെ കത്തിമുനയിൽ നിർത്തി യുവതികളെ പീഡിപ്പിച്ച സംഭവം നടന്നിട്ടില്ല.

എന്നാൽ 17.07.2016-ൽ പുലർച്ചെ 5 മണിക്ക് വയനാട് വെള്ളമുണ്ട സ്റ്റേഷൻ പരിധിയിൽ വാളാരംകുന്ന് പണിയ കോളനിയിൽ ഇതര സമുദായക്കാരായ ശ്രീ.നാസർ, ശ്രീ. അനിൽകുമാർ എന്നിവർ കോളനിയിലെ വീട്ടിൽ അതിക്രമിച്ചു കയറി ഭീക്ഷണിപ്പെടുത്തി ബലാൽസംഗം ചെയ്തു എന്ന് ആരോപിച്ചുകൊണ്ട് കോളനി നിവാസികളായ ശ്രീമതി. ലീല W/o ശങ്കരൻ, ശ്രീമതി. മഞ്ജുള W/o മണി എന്നിവർ നൽകിയ പരാതികളിന്മേൽ വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ യഥാക്രമം (1) Cr.No.351/16 U/s 450, 506(II), 376 IPC and 3(1)(XI)3(2)(V) of SC/ST POA Act , (2) Cr.No.352/16 U/s 450, 506(II), 376 IPC and 3(1)(XI)3(2)(V) of SC/ST POA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ഈ കേസിൽ ബലാത്സംഗം നടന്നിട്ടില്ല എന്ന് അന്വേഷണത്തിൽ വെളിവായതിന്റെ അടിസ്ഥാനത്തിൽ, രണ്ടു കേസുകളിലേയും സെക്ഷൻ 376 IPC കുറവു ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസ് രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം വിശദമാക്കാമോ ; ആയതിന്റെ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം വിശദമാക്കാമോ ? | (സി) | 17.07.2016 - ൽ കോളനിയിൽ കള്ള് കുടിച്ചു ബഹളമുണ്ടാക്കിയെന്നുള്ള കോളനിവാസികളുടെ പരാതിയിന്മേൽ അന്നത്തെ വെള്ളമുണ്ട എസ്.എച്ച്.ഒ ആയിരുന്ന എസ്.ഐ ശ്രീ. എ.കെ.ജോണി നേരിട്ടു പോയി അന്വേഷണം നടത്തിയിട്ടുള്ളതും, ആയതിന്മേൽ നിയമ നടപടികൾ സ്വീകരിക്കാത്തതിന്റെ പേരിൽ ടിയാനെ കണ്ണൂർ ഐ.ജി.പിയുടെ 23.07.2016 -ലെ എ2(എ)11742/16 (കെ ആർ)-ാം നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. പിന്നീട് 20.07.2016-ൽ പരാതിക്കാർ തന്ന മൊഴിയുടെ അടിസ്ഥാനത്തിലാണ് പ്രതികൾക്കെതിരെ നിലവിലുള്ള വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**